ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**

**0471 2561307**

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ജീവനക്കാര്യം (ഗ്രേഡേഷൻ) - ഈ വകുപ്പിൽ വാച്ച്മാൻ/ ബസ് ക്ലീനർ തസ്തികയിൽ നിന്നുള്ള അനുപാത ഉദ്യോഗകയറ്റ നിയമനം നടത്തുന്നതിനുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരിഷ്ക്കരിച്ച് പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്

ജീവനക്കാര്യം (ജി) വിഭാഗം

നം. **EG3/34562/2023/DTE** തിരുവനന്തപുരം, തീയതി : **16-11-2024**

വായന :- **1)09.04.2024** ലെ **EG3/34562/23/DTE** നമ്പർ നടപടിക്രമം

**2) 08.05.2024** ലെ **EG3/34562/23/DTE** നമ്പർ നടപടിക്രമം

**3)**സ. ഉ.(പി) നം **01/2014/**ഉ.ഭ.പ.വി തീയതി **30.01.2019.**

**4)** എൻജിനിയറിംഗ് കോളേജ്, ഇടുക്കി പ്രിൻസിപ്പാളിൻറെ **18/06/2024** ലെ ഇ**2/4614/23/GECI** നമ്പർ കത്ത്.

**ഉത്തരവ്**

ഈ വകുപ്പിൽ **01.01.2019** മുതൽ **31.08.2023** വരെ വാച്ച് മാൻ/ ബസ് ക്ലീനർ തസ്തികയിൽ നിന്നുള്ള അനുപാത ഉദ്യോഗകയറ്റ നിയമനം നടത്തുന്നതിനു പ്രസ്തുത തസ്തികകളിൽ നിയമനം ലഭിച്ച ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് സൂചന ഉത്തരവ് **1, 2** പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

എൻജിനിയറിംഗ് കോളേജ്, ഇടുക്കിയിൽ വാച്ച് മാൻ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ രാഹുൽ എസ് രാജ്, ശ്രീ ഷിബു എ എന്നീ ജീവനക്കാർ മേൽപ്പറഞ്ഞ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുവാൻ യോഗ്യരാണെങ്കിലും തങ്ങളുടെ പേരുകൾ ഉൾപ്പെടുത്തിയിട്ടില്ല എന്നറിയിച്ചുകൊണ്ടും തങ്ങളെ പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ യഥാസ്ഥാനങ്ങളിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും സമർപ്പിച്ച നിവേദനങ്ങൾ ബന്ധപ്പെട്ട സ്ഥാപന മേധാവി മുഖേന ലഭിച്ചിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ;

വായന **1, 2** ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ **01.01.2019** മുതൽ **31.08.2023** വരെ വാച്ച് മാൻ/ ബസ് ക്ലീനർ തസ്തികയിൽ നിന്നുള്ള അനുപാത ഉദ്യോഗകയറ്റ നിയമനം നടത്തുന്നതിനു പ്രസ്തുത തസ്തികകളിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ;

ശ്രീ രാഹുൽ എസ് രാജ്, ശ്രീ ഷിബു എ എന്നീ ജീവനക്കാരെ ക്രമനമ്പർ **107** ശ്രീ ജിതിൻ എസ് നു ശേഷം യഥാക്രമം **107**എ, **107**ബി എന്ന സ്ഥാനത്തേക്ക് പുനഃക്രമീകരിച്ചുകൊണ്ടും, വായന **2, 3** ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റുകൾ പരിഷ്കരിച്ച് / ഭേദഗതി വരുത്തി ഇതിനാൽ ഉത്തരവാകുന്നു.

പ്രസ്തുത അന്തിമ സീനിയോറിറ്റി ലിസ്റ്റുകൾ ഈ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

സ്ഥാപനമേധാവികൾ പ്രസ്തുത അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരിശോധിക്കേണ്ടതും ആയത് ബന്ധപ്പെട്ട ജീവനക്കാർക്ക് നൽകേണ്ടതുമാണ്.

പ്രസ്തുത അന്തിമ സീനിയോറിറ്റി ലിസ്റ്റുകളിൽ ഈ ഉത്തരവ് പ്രകാരം വരുത്തിയ ഭേദഗതി / പരിഷ്കരണം ഇതോടൊപ്പം അറ്റാച്ച് ചെയ്യുന്നു.

**Sunilkumar C V**

**SENIOR ADMINISTRATIVE OFFICER**

പകർപ്പ്
ബന്ധപ്പെട്ട ജീവനക്കാർക്ക് / സ്ഥാപന മേലധികാരികൾക്ക് (ഔദ്യോഗിക വെബ്സൈറ്റ് മുഖേന)

Signed by
Sunilkumar C V
Date: 16-11-2024 13:36:04

| SENIORITY LIST OF LAST GRADE SERVANTS (WATCHMAN/BUS CLEANER) APPOINTED UPTO 31.08.2023<br>Addendum & Erratum | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| Sl. No. | Name | Date of Birth | Present Post | Method of Appoint -ment | Opted District | Date of Advice / Appoint- ment / Joining | Date of Joining | Date of declaratio n of probation | Remarks |
| a | b | c | d | e | f | g | h | i | j |
| 107A | Rahul S Raj | 25.10.1996 | Watchman | PSC | Idukki | 24.08.2021 | 07.10.2021 | 07.10.2022 | LWA for better employement from 01.04.2024 to 01.04.2028 (KSR Part I, Annexure XII A) |
| 107B | Shibu A | 15.06.1992 | Watchman | PSC | Idukki | 23.09.2021 | 30.09.2021 | 29.09.2022 | LWA for study purpose from 03.09.2023 to 31.07.2024 (KSR Part I, Annexure XII B) |

Sd/-
Sunilkumar C V
Senior Administrative Officer